**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1454** **28-07-2021 - ൽ മറുപടിയ്ക്ക്**

**സ്ത്രീധന നിരോധന നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അടുത്ത കാലത്തായി സ്ത്രീധന മരണ കേസുകൾ റിപ്പോർട്ട് ചെയ്തു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതിനോടകം സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ, കേരള സ്ത്രീധന നിരോധന ചട്ടം, 2004 ഭേദഗതി വരുത്തി എല്ലാ ജില്ലകളിലും ജില്ലാ വനിതാ-ശിശുവികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായി നിയോഗിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്ക് ആവശ്യമായ വിദഗ്ധോപദേശവും നിയമസഹായവും നൽകുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കാൻ അംഗീകൃത ക്ഷേമ സ്ഥാപനങ്ങൾ/സംഘടനകളെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സർക്കാർ ഉദ്യോഗസ്ഥരുടെ ഇടയിലുള്ള സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നതിനായി സർക്കാർ ഉദ്യോഗസ്ഥർ സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ കൊടുക്കുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം എല്ലാ വകുപ്പുകളിലെയും വിവാഹിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും വാങ്ങി റിപ്പോർട്ട് ചെയ്യാൻ വകുപ്പ് തലവൻമാർക്ക് നിർദേശം നൽകിയിട്ടുണ്ട്. സ്ത്രീധനത്തിനെതിരെ വ്യാപകവും ആഴത്തിലുള്ളതുമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ, പത്രപ്പരസ്യങ്ങൾ, പോസ്റ്ററുകൾ, വീഡിയോകൾ, ടെലിവിഷൻ പരസ്യങ്ങൾ, സോഷ്യൽ മീഡിയ പോസ്റ്ററുകൾ എന്നീ മാർഗങ്ങളിലൂടെ കേരള വനിതാ കമ്മീഷൻ നടത്തി വരുന്നുണ്ട്. കൂടാതെ, സ്ത്രീസംരക്ഷണ നിയമങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ കുറ്റകൃത്യങ്ങളും ശിക്ഷയും (കൈപ്പുസ്തകം) അച്ചടിച്ച് സൗജന്യമായി കേരള വനിതാ കമ്മീഷൻ, പൊതുജനങ്ങൾക്ക് വിതരണം ചെയ്തുവരുന്നുണ്ട്. വനിതാ കമ്മീഷന്റെ തനത് ബോധവത്ക്കരണ പരിപാടികളായ |

| | | | |
|---|---|---|---|
| | | | സെമിനാറുകൾ, ജാഗ്രതാസമിതി പരിശീലനം, വിവാഹപൂർവ കൗൺസെലിംഗ്, കലാലയ ജ്യോതി എന്നിവ വഴിയും സ്ത്രീധനത്തിനെതിരെയും സ്ത്രീസംരക്ഷണ നിയമങ്ങളെക്കുറിച്ചും ക്ലാസുകൾ ഓൺലൈനായടക്കവും നിരന്തരം ചെയ്തുവരുന്നു. |
| (ബി) | സർക്കാർ ജീവനക്കാർ സ്ത്രീധനം വാങ്ങിയിട്ടില്ലായെന്നുള്ള സത്യവാങ്മൂലം സമർപ്പിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; | (ബി) | ഉണ്ട്. സർക്കാർ ജീവനക്കാർ സ്ത്രീധനം വാങ്ങിയിട്ടില്ലെന്ന് തെളിയിക്കുന്നതിനായി സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണെന്ന് കേരള സ്ത്രീധന നിരോധന ചട്ടം 2004 7(a) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എല്ലാ സർക്കാർ ജീവനക്കാരും ആയത് സമർപ്പിച്ചിട്ടില്ല. |
| (സി) | എങ്കിൽ ഇത് എല്ലാ സർക്കാർ ജീവനക്കാരും ഇതിനോടകം സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിയ്ക്കാമോ; | (സി) | ഉണ്ട്. സർക്കാർ ജീവനക്കാർ സ്ത്രീധനം വാങ്ങിയിട്ടില്ലെന്ന് തെളിയിക്കുന്നതിനായി സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണെന്ന് കേരള സ്ത്രീധന നിരോധന ചട്ടം 2004 7(a) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എല്ലാ സർക്കാർ ജീവനക്കാരും ആയത് സമർപ്പിച്ചിട്ടില്ല. |
| (ഡി) | ഇല്ലെങ്കിൽ ഈ വ്യവസ്ഥ കർശനമായി നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | 30/06/2017ൽ സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിതാ-ശിശുവികസന വകുപ്പ് രൂപീകൃതമായതിനെത്തുടർന്ന്, 2004 ലെ കേരളാ സ്ത്രീധന നിരോധന റൂൾസ് ഭേദഗതി വരുത്തി 13/07/2021ൽ കേരളാ സ്ത്രീധന നിരോധന (ഭേദഗതി) റൂൾസ്, 2021, പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പ്രസ്തുത റൂൾസിൽ 14 ജില്ലകളിലെ ജില്ലാ വനിതാ-ശിശുവികസന ഓഫീസർമാരെ ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാരായും വനിതാ-ശിശുവികസന വകുപ്പ് ഡയറക്ടറെ ചീഫ് ഡൗറി പ്രൊഹിബിഷൻ ഓഫീസർ ആയും നിയോഗിച്ചിട്ടുണ്ട്. വിവാഹിതരാകുന്ന സർക്കാർ ജീവനക്കാർ സ്ത്രീധനം ആവശ്യപ്പെട്ടുകയോ വാങ്ങുകയോ നൽകുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം, ബന്ധപ്പെട്ട വകുപ്പ് മേധാവിക്ക് Declaration Form സഹിതം സമർപ്പിക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സത്യവാങ്മൂലം ലഭ്യമാക്കാത്ത സർക്കാർ വകുപ്പുകളുടെ വിവരം റിപ്പോർട്ട് ചെയ്യാൻ എല്ലാ ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർക്കും നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ